"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ശാസ്ത്ര സാങ്കേതിക വകുപ്പ്-കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം-മൂന്നാം ഗഡുവായി 916.66 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**ശാസ്ത്ര സാങ്കേതിക വകുപ്പ്**

സ.ഉ.(സാധാ) നം.50/2021/S&TD തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:-

1. 16/06/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ.28/2021/ശാ.സാ.വ
2. 16/08/2021 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ.37/2021/ശാ.സാ.വ
3. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 22/09/2021 തീയതിയിലെ കെ.എസ്.സി.എസ്.റ്റി.ഇ/356/2021-സി5 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്, 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം ഒന്നാം ഗഡുവായി 916.66 ലക്ഷം രൂപയും, രണ്ടാം ഗഡുവായി 8.5 കോടി രൂപയും "3425-60-200-71(07)-31-(NP)" ശീർഷകത്തിൽ നിന്നും യഥാക്രമം പരാമർശം(1),(2) ഉത്തരവുകൾ പ്രകാരം റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയുണ്ടായി.

2. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയേതര ധനസഹായം മൂന്നാം ഗഡുവായി 916.66 ലക്ഷം രൂപ കൗൺസിലിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൗൺസിൽ മെമ്പർ സെക്രട്ടറി പരാമർശിത കത്ത് പ്രകാരം, ശുപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ശിപാർശ പരിശോധിച്ചു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയേതര ധനസഹായം മൂന്നാം ഗഡുവായി 916.66 ലക്ഷം രൂപ (ഒമ്പത് കോടി പതിനാറ് ലക്ഷത്തിഅറുപത്തിയാറായിരം രൂപ മാത്രം) "3425-60-200-71(07)-31-(NP)" ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നു.

i. ടി തുക ട്രഷറിയിലെ പലിശ രഹിത -STSB അക്കൌണ്ടിലല്ലാതെ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല .

ii. 29/08/2009 തീയതിയിലെ സർക്കുലർ നമ്പർ.75/09/ധന, 09/12/2008 തീയതിയിലെ സർക്കുലർ നമ്പർ.84/08/ധന എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ് .

iii. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 9/01/2020 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സെർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11/09/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.93/2020/ധന പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശികയില്ലെന്ന സാക്ഷ്യപത്രം കൂടി സമർപ്പിക്കേണ്ടതാണ് .

iv. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രൊഫ.ഡോ.കെ.പി സുധീര്
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ്-ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് [1771224 /PU-C4/74/2021-FIN] പ്രകാരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Baladevi.t.p.
Date: 23-10-2021 12:35:28
Reason: Approved
സെക്ഷൻ ഓഫീസർ